# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:06.01.2026**

## പ്രധാനവാർത്തകൾ

1. ദൃശ്യമാധ്യമ രംഗത്തെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ.
2. എസ്.ഐ.ആർ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട ഹിയറിങ് നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. മതിയായ രേഖകൾ കൈവശമില്ലാത്തവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി സംസ്ഥാന സർക്കാർ.
3. മുൻ മന്ത്രിയും മുസ്‌ലിംലീഗ് നേതാവുമായ വി.കെ. ഇബ്രാഹിംകുഞ്ഞ് അന്തരിച്ചു.
4. ടിക്കറ്റ് വരുമാനത്തിൽ സർവ്വകാല റെക്കോർഡ് സൃഷ്ടിച്ച് കെ.എസ്.ആർ.ടി.സി. ഇന്നലെ മാത്രം ടിക്കറ്റ് വരുമാനത്തിൽ ലഭിച്ചത് 12.18 കോടി രൂപ.
5. ദേശീയ വിര വിമുക്ത ദിനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു.

RNU TVPM

## 6. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിന് നാളെ തുടക്കം.

❁❁❁❁❁❁❁❁❁❁❁❁❁

**എൽ.മുരുഗൻ (ഇൻട്രോ)**

ദൃശ്യമാധ്യമ രംഗത്തെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത്

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുഗൻ. IIMC കോട്ടയം ക്യാമ്പസ് സന്ദർശിച്ച് വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികളുടെ അഭിരുചികൾ മന്ത്രി ചോദിച്ചറിഞ്ഞു. ചലച്ചിത്രങ്ങളുടെ പോസ്റ്റ് പ്രൊഡക്ഷൻ രംഗത്ത് രാജ്യത്തിന് വലിയ സാധ്യതകളുണ്ടെന്നും, ഹോളിവുഡ് ചിത്രങ്ങളുടെയടക്കം പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ ഇന്ത്യയിൽ നടക്കുന്നതായും അദ്ദേഹം പറഞ്ഞു.

RNU TVPM

(ഹോൾഡ്)

തമിഴ്നാട്ടിലെ തിരുപ്പറംകുണ്ഡ്രം ദീപത്തൂണിൽ വിളക്ക് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി ഭക്തരുടെ വിജയമാണെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. സ്റ്റാലിൻ സർക്കാർ കോടതി വിധി മാനിക്കണമെന്നും അദ്ദേഹം

അഭിപ്രായപ്പെട്ടു. ഹൈക്കോടതിയുടെ മധുര ബെഞ്ചാണ് ദീപത്തൂണിൽ വിളക്ക് തെളിയിക്കാൻ അനുവദിച്ചുള്ള സിംഗിൾ ബഞ്ച് ഉത്തരവ് ശരിവച്ചത്. കെപിഎസ് മേനോൻ ഹാളിൽ നടന്ന കേരള കൗമുദി കോട്ടയം എഡിഷൻ രജത ജൂബിലി ആഘോഷങ്ങളിലും ശ്രീ.എൽ. മുരുഗൻ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്.ഐ.ആർ-മുഖ്യമന്ത്രി

കേരളത്തിൽ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. കേരളത്തിൽ അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. മതിയായ രേഖകൾ കൈവശമില്ലാത്തവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകി.

RNU TVPM

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് മലപ്പുറം കളക്ടറേറ്റിൽ ഇന്ന് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു.

## മുഖ്യമന്ത്രി

സംസ്ഥാനത്തെ ക്രിസ്ത്യന്‍ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങള്‍ പഠിക്കാനായി നിയോഗിച്ച ജെ.ബി.കോശി കമ്മീഷന്‍ റിപ്പോര്‍ട്ടിന്‍മേലുള്ള നടപടികള്‍ മുഖ്യമന്ത്രി പിണറായി വിജയന്‍ അവലോകനം ചെയ്തു. 17 വകുപ്പുകളാണ് ശിപാര്‍ശ പൂര്‍ണമായി നടപ്പിലാക്കിയത്. നിലവിലെ നിയമങ്ങള്‍ക്ക് വിധേയമായി പരിഗണിക്കാന്‍ കഴിയുന്ന വിഷയങ്ങളില്‍, വേഗത്തില്‍ നടപടി പൂര്‍ത്തികരിച്ചതായി യോഗം വിലയിരുത്തി. ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാര്‍, മറ്റ് ഉന്നത ഉദ്യോഗസ്ഥര്‍ എന്നിവര്‍ യോഗത്തില്‍ പങ്കെടുത്തു.

## ഇബ്രാഹിം കുഞ്ഞ്

മുന്‍ മന്ത്രിയും മുസ്‌ലിംലീഗ് നേതാവുമായ വി.കെ. ഇബ്രാഹിംകുഞ്ഞ് അന്തരിച്ചു. 73 വയസ്സായിരുന്നു. എറണാകുളത്തെ സ്വകാര്യ ആശുപത്രിയില്‍ ഇന്ന് വൈകുന്നേരത്തോടെയാണ് അന്ത്യം. അര്‍ബുദബാധയെ തുടര്‍ന്ന് ഏറെനാളായി ചികിത്സയിലായിരുന്നു. ആലുവ സ്വദേശിയായ അദ്ദേഹം മട്ടാഞ്ചേരി, കളമശ്ശേരി മണ്ഡലങ്ങളില്‍ നിന്നും നാല് തവണ എംഎല്‍എ ആയി

RNUTVPM

തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 2005 ലും, 2011-16 കാലയളവിലും യുഡിഎഫ് സർക്കാരിൽ മന്ത്രിയായി പ്രവർത്തിച്ചിരുന്നു. കളമശ്ശേരി നജാത്ത് പബ്ലിക് സ്കൂളിലാണ് പൊതുദർശനം. ഖബറടക്കം ആലങ്ങാട് ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നാളെ രാവിലെ പത്തിന് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ വി.കെ ഇബ്രാഹിം കുഞ്ഞിൻറെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. മധ്യകേരളത്തിലെ മുസ്ലീം ലീഗിൻറെ ശബ്ദമായിരുന്നു അദ്ദേഹമെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു. മനുഷ്യ സ്നേഹിയായ പൊതുപ്രവർത്തകൻ ആയിരുന്നു അദ്ദേഹം എന്ന് കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**കെ.എസ്.ആർ.ടി.സി(ഇൻട്രോ)**

ടിക്കറ്റ് വരുമാനത്തിൽ സർവ്വകാല റെക്കോർഡ് സൃഷ്ടിച്ച് KSRTC. ടിക്കറ്റ് വരുമാനത്തിൽ മാത്രം ഇന്നലെ 12.18 കോടിയാണ് KSRTC യ്ക്ക് ലഭിച്ചത്. എല്ലാവരുടെയും കൂട്ടായ ശ്രമത്തിന്റെ ഫലമാണ് ഈ നേട്ടമെന്ന് മന്ത്രി കെ.ബി.ഗണേഷ്കുമാർ പറഞ്ഞു. അടുത്ത 12 മാസത്തേക്ക് ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങില്ലെന്നും മന്ത്രി അറിയിച്ചു.

**(വോയിസ്)**

ശബരിമലയിൽ നിന്ന് ഈ സീസണിൽ ഏകദേശം 2.40

PNU TVPM

കോടി രൂപയുടെ അധികവരുമാനം ലഭിച്ചു. ബഡ്ജറ്റ് ടൂറിസം ,പിൽഗ്രിം ടൂറിസം പദ്ധതികളും മികച്ച നേട്ടം ഉണ്ടാക്കിയതായും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## വിരവിമുക്ത ദിനാചരണം

ഓരോ കുഞ്ഞിൻറെയും ശാരീരികവും മാനസികവുമായിട്ടുള്ള ആരോഗ്യം ഉറപ്പാക്കുന്നതിന് ആരോഗ്യവകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്കൂൾ ഹെൽത്ത് പ്രോഗ്രാം ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്. കുഞ്ഞുങ്ങൾക്ക് ഹെൽത്ത് കാർഡ് ക്രമീകരിച്ചു കൊണ്ടായിരിക്കും ആരോഗ്യ കാര്യങ്ങൾ അവലോകനം ചെയ്യുക. ദേശീയ വിര വിമുക്ത ദിനം സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. 1 മുതൽ 19 വയസുവരെ പ്രായമുള്ള കുട്ടികൾക്കാണ് സ്കൂളുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിലൂടെ വിരഗുളികയായ ആൽബൻഡസോൾ നൽകിയത്. ഇന്ന് ഗുളിക കഴിക്കുവാൻ സാധിക്കാതെ പോയ കുട്ടികൾക്ക് ജനുവരി 12ന് ഗുളിക നൽകും.

RIJU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ആകാശവാണി -പ്രത്യേക ചർച്ച

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. നാരി ശക്തി വന്ദൻ അധിനിയം എന്ന വിഷയത്തെക്കുറിച്ച് നാളെ ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ ദേശീയ വനിതാ കമ്മീഷൻ ഉപദേശക സമിതിയംഗം അഡ്വ. ജി അഞ്ജന ദേവി സംസാരിക്കുന്നു

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

**അനൗൺസ്മെൻറ്**

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസ ക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

❁❁❁❁❁❁❁❁❁❁❁❁❁

**നിയമസഭാ പുസ്തകോത്സവം(ഇൻട്രോ)**

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോൽസവത്തിന്റെ നാലാം പതിപ്പിന്

നാളെ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. നിയമസഭാ സമുച്ചയത്തെ വർണശബളമാക്കുന്ന വൈദ്യുതാലങ്കാരങ്ങളും

പുസ്തകോത്സവത്തോടു് അനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ***

***സ്മിതി എം പള്ളുരുത്തി***

***(വോയിസ്)***

RNUTVPM

**വികസിത് ഭാരത്**

29-ാമത് ദേശീയ യുവോത്സവത്തിൻ്റെ ഭാഗമായി നടക്കുന്ന വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിൽ പങ്കെടുക്കുന്ന കേരളത്തിൽ നിന്നുള്ള സംഘത്തിന് തിരുവനന്തപുരം മേയർ വി. വി. രാജേഷിന്റെ നേതൃത്വത്തിൽ യാത്രയയപ്പു നൽകി. ഈ മാസം 9 മുതൽ 12 വരെ ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്. വികസിത് ഭാരത് യങ്

ലീഡേഴ്സ് ഡയലോഗിൽ വിജയികളായ 34 പേരും, സംസ്ഥാന കേരളോത്സവത്തിൽ വിജയികളായ 23 പേരും ഡിസൈൻ ഭാരതിൽ വിജയികളായ 2 പേരുമടങ്ങുന്നതാണ് കേരള സംഘം. യുവ ജന ദിനമായ ജനുവരി 12ന് പ്രധാനമന്ത്രി നരേന്ദ്ര മോദി യുവതീയുവാക്കളെ അഭിസംബോധന ചെയ്യും.

❋❋❋❋❋❋❋❋❋❋❋❋❋

**കാട്ടാനാക്രമണം-തൃശ്ശൂർ(ഇൻട്രോ)**

തൃശൂർ കാലടി പ്ലാൻ്റേഷൻ, അതിരപ്പിള്ളി എസ്റ്റേറ്റ് 17ആം ബ്ലോക്കിൽ കാട്ടാന ആക്രമണം .പ്രദേശത്തെ ശിവ ക്ഷേത്രത്തിനും തൊട്ടടുത്ത തൊഴിലാളി ലയങ്ങൾക്കും നേരെയാണ് ആനയുടെ ആക്രമണം ഉണ്ടായത്

RNU TVPM

***വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ് (വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

**വിജയ് ഹസാരെ ട്രോഫി**

വിജയ് ഹസാരെ ട്രോഫിയിൽ തുടർച്ചയായ മൂന്നാം വിജയവുമായി കേരളം. പോണ്ടിച്ചേരിയെ എട്ട് വിക്കറ്റിനാണ് കേരളം തോൽപ്പിച്ചത്. വിഷ്ണു വിനോദിന്റെ തകർപ്പൻ സെഞ്ച്വറിയുടെ മികവിൽ പോണ്ടിച്ചേരി ഉയർത്തിയ 248

റൺസ് വിജയലക്ഷ്യം 29 ഓവറിൽ കേരളം മറികടന്നു. 84 പന്തിൽ 162 റൺസുമായി പുറത്താകാതെ നിന്ന വിഷ്ണുവാണ് കേരളത്തിന്റെ വിജയശില്പിയും പ്ലെയർ ഓഫ് ദി മാച്ചും.

## ഓഹരി സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 376 പോയിന്റ് താഴ്ന്ന് 85,063 ലും, നിഫ്റ്റി 72 പോയിന്റ് നഷ്ടത്തിൽ 26,179 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണ വില ഉയർന്നു . പവന് 440 രൂപ വർധിച്ച് ഒരു ലക്ഷത്തി ആയിരത്തി എണ്ണൂറ് രൂപയും,ഗ്രാമിന് 12,725 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM